# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3967** **12.12.2018 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി ) |
| (എ) മൃതസഞ്ജീവനി പദ്ധതി വഴി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടന്ന ശസ്ത്രക്രിയകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | മൃതസഞ്ജീവനി പദ്ധതി വഴി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അവയവങ്ങൾ മാറ്റിവെച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു |

| Year | 2015 | 2016 | 2017 |
|---|---|---|---|
| Heart | 14 | 18 | 05 |
| Liver | 62 | 64 | 15 |
| Kidney | 132 | 113 | 34 |
| Larynx | 01 | 0 | 00 |
| Pancreas | 02 | 01 | 03 |
| Small Intestine | 01 | 01 | 00 |
| Lungs | 02 | 0 | 01 |
| Hand | 4 | 2 | 2 |
| Total Major Organs | 218 | 199 | 60 |

| ചോദ്യം | | മറുപടി |
|---|---|---|
| (ബി) മരണാനന്തര അവയവദാനം കുറഞ്ഞുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ഡോ.എസ്.ഗണപതി ബഹു.ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദൃശ്യ-നവ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതുസമൂഹത്തിൽ മസ്തിഷ്കമരണ സ്ഥിരീകരണത്തെ കുറിച്ച് കൂടുതൽ ആശങ്ക ഉണ്ടാക്കിയിരുന്നു. ഇതിനെത്തുടർന്ന് ബഹു.ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ |
| (സി)മരണാനന്തര അവയവദാനം കുറയുന്നതിന് ഇടയാക്കുന്ന | | |

തരത്തിലുള്ള എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ തീരുമാനമോ കൈക്കൊണ്ടതിന്റെ ഭാഗമായിട്ടാണോ ഇത്തരത്തിൽ കുറവുണ്ടായിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 01.02.2017 ലെ സ.ഉ.(കൈ)നം.16/2017/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ അതീവ ജാഗ്രത പുലർത്തുന്നതിനും ഇക്കാര്യത്തിൽ ആശുപത്രികൾ മെഡിക്കൽ എത്തിക്സിൽ ഉയർന്ന നിലവാരം പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ടെന്നുമുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 03.04.2018 ലെ സ.ഉ(കൈ)നം.53/2018/ആകുവ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി കർശന മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017, 2018 വർഷങ്ങളിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ.മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് മസ്തിഷ്ക മരണാനന്തര അവയവദാനത്തെക്കുറിച്ച് പൊതുജനങ്ങൾ-ക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തി വരുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ